# അലനല്ലൂർ
# ഗ്രാമ പഞ്ചായത്ത്
# P.E.C

**എൽ.എസ്.എസ്. പരീക്ഷ ഫെബ്രുവരി 2018**

**മാതൃകാചോദ്യപേപ്പർ**

**(പേപ്പർ 1)**

| | | | | | | | |
|---|---|---|---|---|---|---|---|
| രജിസ്റ്റർ നമ്പർ | അക്കത്തിൽ | | | | | | |
| | അക്ഷരത്തിൽ | | | | | | |

സമയം $1^1/_2$ മണിക്കൂർ

ആകെ സ്കോർ 40

പേര്:.......................................................................................................

സ്കൂൾ: ....................................................................................................

ഫോൺ : ....................................................................................................

**പൊതുനിർദ്ദേശങ്ങൾ**

1. ഒരു മണിക്കൂർ നാല്പത്തിയഞ്ച് മിനിട്ടാണ് പരീക്ഷാസമയം. ഇതിൽ ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയത്ത് ചോദ്യങ്ങൾ വായിച്ച് മനസിലാക്കണം.
2. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ മൂന്നു ഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് (എ) ഒന്നാം ഭാഷ - മലയാളം, പാർട്ട് (ബി) - ഇംഗ്ലീഷ്, പാർട്ട് (സി) - പൊതുവിജ്ഞാനം
3. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
4. ബുക്ക്ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തി വിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല
5. ബുക്ക്ലെറ്റ് ഇൻവിജിലേറ്ററെ ഏൽപ്പിച്ച ശേഷം മാത്രമേ പരീക്ഷാഹാൾ വിട്ട് പോകാവൂ.

--- തയ്യാറാക്കിയത് ---

✱ ദി റൈസിംഗ് 4th അലനല്ലൂർ, 9495607217 ✱

Scanned by CamScanner

## (പേപ്പർ 1) (പാർട്ട് എ)

## മലയാളം

ആകെ സ്കോർ 20

### നിർദ്ദേശങ്ങൾ

* 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
* ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
* എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. കൂട്ടത്തിൽ പെടാത്തതേത് ? സ്കോർ 1

എ) തിമില ബി) ഇടയ്ക്ക സി) ചെണ്ട ഡി) മദ്ദളം

ഉത്തരം

2. താഴെ പറയുന്നവയിൽ ശരിയായ അക്ഷരമാല ക്രമത്തിലുള്ളതേത് ?

എ) പാതകം, താരകം, വാഹനം, കാനനം

ബി) താരകം, കാനനം, വാഹനം, പാതകം

സി) വാഹനം, താരകം, കാനനം, പാതകം

ഡി) കാനനം, താരകം, പാതകം, വാഹനം സ്കോർ 1

ഉത്തരം

3. 'കടുക് ചോരുന്നത് കാണാം
ആന ചോരുന്നത് കാണില്ല' ഈ ആശയവുമായി ബന്ധപ്പെട്ട് വരുന്ന പദമേത് ?

എ) അഹന്ത ബി) അശ്രദ്ധ സ്കോർ 1

സി) അത്യാഗ്രഹം ഡി) അസൂയ

ഉത്തരം



Scanned by CamScanner

4. കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി
കാഞ്ചന കാഞ്ചി കുലുങ്ങിക്കുലുങ്ങി
ഈവരികൾ എഴുതിയതാര് ?

എ) കുഞ്ചൻ നമ്പ്യാർ  ബി) ഉള്ളൂർ
സി) ചങ്ങമ്പുഴ  ഡി) വള്ളത്തോൾ  സ്കോർ 1

ഉത്തരം

5. മാലി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ?

എ) കേശവദേവ്  ബി) കുഞ്ഞിരാമൻ നായർ
സി) മാധവൻ നായർ  ഡി) പി.സി. കുട്ടികൃഷ്ണൻ  സ്കോർ 1

ഉത്തരം

6. കഥകളിയുടെ ആദ്യകാല രൂപം  സ്കോർ 1

ഉത്തരം

7. ഒരൊറ്റക്കിളി - പദം പിരിച്ചെഴുതുക  സ്കോർ 1

ഉത്തരം

8. വസനം എന്ന പദത്തിന്റെ അർത്ഥം ?  സ്കോർ 1

ഉത്തരം

9. എസ്.കെ.പൊറ്റക്കാടിന്റെ പൂർണ്ണനാമമെന്ത് ?  സ്കോർ 1

ഉത്തരം

10. വഞ്ചിപ്പാട്ട് ഏത് വൃത്തത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത് ?  സ്കോർ 1

ഉത്തരം



Scanned by CamScanner

11. താഴെ കൊടുത്ത കവിതകൾ വായിക്കു.

## അമ്പിളിയമ്മാൻ

അമ്പിളിയമ്മാവാ! എവിടെ നീ
മുമ്പിൽ നിന്നോടിടുന്നു ?
രാത്രി മരുമകനേ ! നമുക്കുള്ള
യാത്ര മുടക്കിക്കൂടാ !
എന്തിനെന്നമ്മാവാ ! വരുന്നു നീ
യന്തിമയങ്ങിടുമ്പോൾ ?
പാരിൽ മരുമകനേ ! പരപ്പൊരു
കൂരിരുൾ നീക്കിനിർത്താൻ
ഈ വിധമമ്മാവാ! ദിവസവും
പോവതിൽ ക്ഷീണമില്ലേ ?
ഏതും മരുമകനേ ! പതിവായാൽ
ചെയ്തുകൊള്ളാമെളുപ്പം.
വാനിലെന്നമ്മാവാ ! മയങ്ങാഞ്ഞാൽ
ദീനം പിടിക്കയില്ലേ ?
വാനിൽ മരുമകനേ ! നടപ്പാർക്കു
ദീനമശേഷമില്ല
നിന്നെയെന്നമ്മാവാ ! പടച്ചതാർ
നിന്നുടെ വാനിനെയും ?
നിന്നെ മരുമകനെ ! പടച്ചവൻ
നിന്നുടെ ഭൂമിയെയും.

(ഉള്ളൂർ എസ്. പരമേശ്വരയ്യർ)



Scanned by CamScanner

അമ്പിളിയമ്മാവാ തിരിഞ്ഞു നി-
ന്നൻപിനോടൊന്നു ചൊല്ലൂ
എങ്ങുപോകുന്നിവണ്ണം നീ തനി -
ച്ചങ്ങു ഞാനും വരട്ടോ ?
നേരമിരുട്ടിയല്ലോ തനിച്ചയ്യോ
പേടിയില്ലേ നടപ്പാൻ
കൂട്ടിനായ് വന്നിടാം ഞാൻ നല്ല നല്ല
പാട്ടുകൾ പാടിടാം ഞാൻ
താരകപ്പൊൻമണികൾ നടുവിൽ നീ
രാജനായ് വാണിടുമ്പോൾ
താണവരോടുമിണ്ടാൻ നിനക്കൊരു
നാണമാകുന്നതുണ്ടോ ?
വെള്ളിത്തളിക പോലെ മാനത്തു നീ
മിന്നിത്തിളങ്ങുന്നല്ലോ
വല്ലതും തന്നീടാമോ വിശക്കുന്നു
കൂടെ ഞാനും വരട്ടോ ?

പന്തളം കേരള വർമ്മ

എ) അമ്പിളി മാമനെക്കുറിച്ചുള്ള ഈ രണ്ടു കവിതകളും വായിച്ച് ഒരു താരതമ്യ ക്കുറിപ്പ് തയ്യാറാക്കൂ. (3 സ്കോർ)



Scanned by CamScanner

ബി) "സന്ധ്യ" എന്നർത്ഥം വരുന്ന ഏത് പദമാണ് കവിതയിൽ ഉപയോഗിച്ചിരിക്കുന്നത് ? (1 സ്കോർ)

ഉത്തരം

സി) താരകപ്പൊൻമണികൾ നടുവിൽ നീ
രാജനായ് വാണിടുമ്പോൾ
താണവരോടു മിണ്ടാൻ നിനക്കൊരു
നാണമാകുന്നതുണ്ടോ !

ഈ വരികളിൽ കവി ഉദ്ദേശിക്കുന്നതെന്താണ് ? (1 സ്കോർ)

ഉത്തരം

12. കഥ വായിക്കൂ

ഒരു പട്ടണത്തിൽ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാൾ തന്റെ സുഹൃത്തിനെ വിശ്വസിച്ച് അമ്പതു തുലാഭാരം ഇരുമ്പ് സൂക്ഷിക്കുവാൻ ഏൽപ്പിച്ചു. എന്നിട്ട് അയാൾ കച്ചവടത്തിനു വേണ്ടി തെക്കൻ ദിക്കിലേക്ക് പോയി. പത്തുമാസം അയാൾ അവിടെ താമസിച്ചു. മടങ്ങി വന്നപ്പോൾ താൻ പണ്ട് സൂക്ഷിക്കുവാൻ കൊടുത്ത ഇരുമ്പ് അയാൾ സ്നേഹിതനോട് മടക്കി ചോദിച്ചു. സ്നേഹിതൻ കൈമലർത്തി. ‘‘ചങ്ങാതി , എന്റെ വീട്ടിൽ എലിയുടെ ശല്യം വളരെയുണ്ട്. എന്തു ചെയ്യാം ഇരുമ്പെല്ലാം എലി തിന്നു തീർത്തു. ഇരുമ്പ് എലി തിന്നുകയോ ? ഇവൻ മഹാദുഷ്ടൻ തന്നെ ! വിശ്വാസ വഞ്ചന ചെയ്തിരിക്കുന്നു. അയാൾ മറുത്തൊന്നും പറഞ്ഞില്ല. വെറുതെ പറഞ്ഞിട്ടെന്തു കാര്യം. ? കച്ചവടക്കാരൻ മടങ്ങിപ്പോന്നു.

അടുത്തൊരു ദിവസം സുഹൃത്തിന്റെ പുത്രൻ കുളിക്കുവാൻ പോകുകയായിരുന്നു. കച്ചവടക്കാരൻ ഉടനെ ചെന്ന് അവനെ പിടിച്ചുകൊണ്ട് വന്ന് ആരും കാണാതെ ഒരു മുറിയിലിട്ട് പൂട്ടി. അവന്റെ അച്ഛൻ മകനെ കാണാഞ്ഞ് പല ദിക്കിലും തെരഞ്ഞു. കച്ചവടക്കാരനോട് ചോദിച്ചു. അയാൾ പറഞ്ഞു. ‘‘ചങ്ങാതി നിന്റെ മകനെ ഒരു പരുന്ത് വന്നെടുത്ത് കൊണ്ട് പോയി. പതിനെട്ട് വയസ്സായ അവനെ പരുന്തെടുത്ത് പറക്കുകയോ? കള്ളം ! അവൻ, തന്റെ മകനെ കച്ചവടക്കാരൻ പിടിച്ച് കൊന്നുവെന്ന് രാജാവിനോട് പരാതിപ്പെട്ടു. കച്ചവടക്കാരനെ വരുത്തി രാജാവ് ചോദ്യം ചെയ്തു. പരുന്ത് സ്നേഹിതന്റെ മകനെ കൊത്തി പറന്ന് പോയെന്ന് അയാൾ ധൈര്യം വിടാതെ പറഞ്ഞു. ആളുകൾ അതുകേട്ട് ചിരിച്ചു. ഇങ്ങനെ സംഭവിക്കുകയില്ലെന്നായി അവർ. പക്ഷെ കച്ചവടക്കാരൻ വിട്ടില്ല. അമ്പതു തുലാം ഇരുമ്പ് എലി തിന്നു പോയ നാട്ടിൽ പരുന്ത് കുട്ടിയെ കൊത്തി പറന്ന് പോയെന്നത് സംഭവ്യമാണെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു. രാജാവിനും മന്ത്രിമാർക്കും കാര്യം പിടി കിട്ടി. അമ്പത് തുലാം ഇരുമ്പ് കണ്ടെടുത്ത് ഉടൻ കൊണ്ടു വരാൻ അവർ കല്പിച്ചു. ശിക്ഷയായി രാജാവ് കല്പിച്ച ധനവും അയാൾ പിഴയൊടുക്കി. ആ സമയം കച്ചവടക്കാരൻ സുഹൃത്തിന്റെ മകനെ കൊണ്ടുവന്ന് കൊടുക്കുകയും ചെയ്തു.

(എ) ഈ കഥയിൽ നിന്നുള്ള ഗുണപാഠം എന്ത്? ( 1 സ്കോർ)

ഉത്തരം



Scanned by CamScanner

(ബി) പിറ്റേ ദിവസം അവർ തമ്മിൽ കണ്ടു മുട്ടിയാൽ നടത്തുന്ന സംഭാഷണം ഒന്നെഴുതി നോക്കൂ . ( 3 സ്കോർ )

(സി) ഈ കഥയ്ക്ക് അനുയോജ്യമായ ഒരു തലക്കെട്ട് നൽകൂ (1 സ്കോർ )

ഉത്തരം

... തയ്യാറാക്കിയത് ...

✲ ദി റൈസിംഗ് 4th അലനല്ലൂർ, 9495607217 ✲

Scanned by CamScanner

# LSS EXAMINATION, FEBRUARY 2018

## MODEL QUESTION PAPER

## (PAPER 1) (PART - B)

## ENGLISH

**Total Score : 10**

**Write the answers to the questions in the space provided in the question paper**

- **Questions 1 to 6 are included in the English Section**
- **The Score for each question is given against it.**
- **Answer all the Questions**

1. Find out the answer for the riddle

I am a seed with three letters in my name. Take away last two letters and still I sound the same who am I ?

Ans

2. Rearrange the letters to get a meaningful word

| M | N | T | P | I | O | C | L | A | R | A | O |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

3. Fill in the blank using the correct preposition

Three birdies are ........................................... the nest

[ on, in, at, of ]

--- തയ്യാറാക്കിയത് ---
☸ ദി റൈസിംഗ് 4th അലനല്ലൂർ, 9495607217 ☸

Scanned by CamScanner

4. Find the odd one

Ostrich, Bluewhale, Tiger, Elephant (score 4 X 1 = 4)

5. Prepair a notice

The school PTA of Koppam higher secondary school have dicides to conduct a function to congratulate Kumari Varsha/(Gold Medal winner National open school atheletic winner) Who got 1st prize in long Jump. Mr. Muhammed Muhsin (Pattambi MLA) is our Chief guest. . [Presided over, vote of thanks, welcome speech prayer,

(score - 3)

6. Rearrange the sentences in correct order as in "The chapter The lost child"

* The boy knew that his parents would never buy him the balloons
* He ran heither and thither in all directions
* People walked to the fair ground to the narrow lane.
* Child turned his face from the sweets shop and sobbed.
* The man took him near the balloon man
* They would say he was too old to play with balloons .

(score - 3)



Scanned by CamScanner

# (പേപ്പർ 1) (പാർട്ട് സി)

## പൊതുവിജ്ഞാനം

ആകെ സ്കോർ 10

### നിർദ്ദേശങ്ങൾ

* 1 മുതൽ 10 വരെ പൊതുവിജ്ഞാനം ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 4 ഉത്തരങ്ങളിൽ ഒരു ശരിയുത്തരം തെരഞ്ഞെടുക്കേണ്ടതും, ഒറ്റ വാക്കിൽ ഉത്തരം എഴുതേണ്ടവയുമായ ചോദ്യങ്ങളാണിവ.
* ഓരോ ചോദ്യത്തിനും 1 സ്കോർ വീതം
* എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. മലപ്പുറം തിരൂർ ആസ്ഥാനമായ സർവ്വകലാശാല

എ) കേരള സർവ്വകലാശാല

ബി) മലയാളം സർവ്വകലാശാല

സി) സംസ്കൃതം സർവ്വകലാശാല

ഡി) കോഴിക്കോട് സർവ്വകലാശാല

ഉത്തരം

2. 2017- ൽ കേരളം ആസ്ഥാനമായുള്ള എസ്. ബി.റ്റി അടക്കം വരുന്ന പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കേത് ?

എ) എസ്. ബി.ഐ

ബി) എച്ച്.ഡി.എഫ്.സി

സി) ഐ.സി.ഐ.സി

ഡി) ഫെഡറൽ ബാങ്ക് ഓഫ് ഇന്ത്യ

ഉത്തരം



Scanned by CamScanner

3. ഐ.എസ്.ആർ.ഒയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്നതെവിടെ ?

എ) ശ്രീഹരി കോട്ട

ബി) ബെംഗലൂരു

സി) വിശാഖപട്ടണം

ഡി) തുമ്പ

ഉത്തരം

4. കേരള സർക്കാരിന്റെ ഇപ്പോഴത്തെ ഭവന പദ്ധതി ഏത് ?

എ) ആർദ്രം

ബി) ലൈഫ്

സി) ഹരിത കേരളം

ഡി മൈത്രി

ഉത്തരം

5. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ ശരിയല്ലാത്തതേത് ?

എ) കേരള സംസ്ഥാനത്തിന്റെ പ്രതിപക്ഷ നേതാവാണ് വി. എസ്. അച്ചുതാനന്ദൻ

ബി) കേരള ഗവർണർ ടി.പി. സദാശിവം ആണ്.

സി) കേരളത്തിന്റെ ഇപ്പോഴത്തെ ആരോഗ്യമന്ത്രിയാണ് കെ.കെ.ശൈലജ

ഡി) 2017 -ലെ എഴുത്തച്ഛന്റെ പുരസ്ക്കാരം ലഭിച്ചത് പി. സച്ചിദാനന്ദനാണ്

ഉത്തരം

6. കേരളത്തിൽ നിലവിൽ എത്ര കോർപ്പേറേഷനുകളുണ്ട് ?

ഉത്തരം

7. സൂചനകളിൽ നിന്ന് വ്യക്തിയെ കണ്ടെത്തു....

* 1853-ൽ കണ്ണംമൂലയിൽ ജനനം
* വിദ്യാധിരാജ എന്ന് അറിയപ്പെട്ടു
* കാഷായമുടുക്കാത്ത സന്യാസി എന്നറിയപ്പെട്ടു
* കേരളത്തിൽ ഞാൻ കണ്ട ഒരേ ഒരു മനുഷ്യൻ എന്ന് വിവേകാനന്ദൻ വിശേഷിപ്പിച്ചു

ഉത്തരം



Scanned by CamScanner

8. എൻഡോസൾഫാൻ ദുരിതം ഏറ്റവും കൂടുതൽ അനുഭവിച്ച കേരളത്തിലെ ജില്ല

ഉത്തരം

9. മനുഷ്യശരീരത്തിലെ ഏത് അവയവത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനാണ് ഇ. സി.ജി ഉപയോഗിക്കുന്നത് ?

ഉത്തരം

10. ഓഖി ചുഴലിക്കാറ്റ് ഈയിടെ കേരള തീരങ്ങളിൽ ഏറെ നാശം വിതച്ച താണല്ലോ, ഓഖി എന്ന വാക്കിന്റെ അർത്ഥം എന്താണ് ?

ഉത്തരം

സ്കോർ 10 X 1=10

... തയ്യാറാക്കിയത് ...
ദി റൈസിംഗ് 4th അലനല്ലൂർ, 9495607217

Scanned by CamScanner

# ഉത്തരസൂചിക പേപ്പർ 1

## PART-A- മലയാളം

1. ചെണ്ട
2. കാനനം,താരകം,
   പാതകം,വാഹനം
3. അശ്രദ്ധ
4. ചങ്ങമ്പുഴ
5. മാധവൻ നായർ
6. രാമനാട്ടം
7. ഒരു ഒറ്റ കിളി
8. വസ്ത്രം
9. ശങ്കരൻകുട്ടി പൊറ്റക്കാട്
10. നതോന്നത

## PART-B- ENGLISH

1. Pea
2. Proclamation
3. in
4. Blue whale

## PART-C- പൊതുവിജ്ഞാനം

1) b.മലയാളം
   സർവ്വകലാശാല
2) a.എസ്.ബി.ഐ
3) b.ബെംഗ്ലൂരു(ബാംഗ്ലൂർ)
4) b.ലൈഫ്
5) a. കേരള
   സംസ്ഥാനത്തിന്റെ
   പ്രതിപക്ഷനേതാവാണ്
   അച്ചുതാനന്ദൻ
6) ആറ്
7) ചട്ടമ്പിസ്വാമികൾ
8) കാസർകോഡ്
9) ഹൃദയം
10) കണ്ണ്

Scanned by CamScanner